വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നടപടികൾ

24(*54) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു ; ഈ വർഷം ഇതുവരെ എത്രപേർ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ടൂറിസം പ്രചാരത്തിനായി എന്തെല്ലാം നൂതന സംരംഭങ്ങൾ ആവിഷ്കരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ പ്രധാനമായും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ഇ) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) കേരളത്തിലേക്ക് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, മിലാൻ, മ്യൂണിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാലു നഗരങ്ങളിലും ഇംഗ്ലണ്ടിലെ നാലു നഗരങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിച്ചു. ഈ വർഷവും ഇത്തരം പാർട്ടണർഷിപ്പ് മീറ്റുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുവരുന്നു. ഇതിനകം സ്വിറ്റ്സർലന്റിലെ ജനീവയിലും ആസ്ട്രിയയിലെ വിയന്നയിലും ജർമ്മൻ നഗരങ്ങളായ ഹാംബർഗ്, ഡൊസിൽഡോർഫ് എന്നിവിടങ്ങളിലും പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. പാരീസ്, ബാർസലോണ എന്നീ യൂറോപ്യൻ നഗരങ്ങളിൽ 2011 മാർച്ച്-ൽ പാർട്ട്നർഷിപ്പ് മീറ്റുകൾ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രശസ്ത അന്താരാഷ്ട്ര ടൂറിസം മേളകളായ വേൾഡ് ട്രാവൽ മാർട്ട്, പാറ്റാ ട്രാവൽമാർട്ട് ഫിത്തൂർ ഫെയർ എന്നിവയിൽ പങ്കെടുക്കുകയുണ്ടായി. ഇതിന്പുറമെ ITB,TUR, ഗോതൻബർഗ് എന്നീ ഫെയറുകളിലും 2011 മാർച്ചിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിലുള്ള ടൂറിസ്റ്റുകളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലണ്ടിലെ ചെറുകിട ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഇൻഡിപെൻഡന്റ് ടൂർ ഓപ്പറേറ്റേഴ്സ് (AITO)-ന്റെ വാർഷിക പൊതുയോഗം കേരളാടൂറിസവുമായി സഹകരിച്ച് കൊച്ചിയിൽ നടത്തുകയുണ്ടായി. കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ വിപണിയായ ഇംഗ്ലണ്ടിലെ ഈ സംഘടനയുടെ വാർഷിക പൊതുയോഗം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് വരുംകാലങ്ങളിൽ സംസ്ഥാന ടൂറിസത്തിന് ഇംഗ്ലണ്ടിലെ വിപണിയിൽ സാധ്യത വർദ്ധിപ്പിക്കുന്നു എന്ന കാര്യം തീർച്ചയാണ്.

(ബി) കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച വിദേശസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറായിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം ആറുലക്ഷത്തിൽപരം വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചതായി കണക്കാക്കുന്നു. ഈ വർഷത്തെ കണക്കുകൾ ശേഖരിച്ചുവരുകയാണ്.

(സി) അന്താരാഷ്ട്രതലത്തിൽ പ്രചാരത്തിൽ മുൻപന്തിയിലുള്ള ടൂറിസം മാഗസീനുകളിൽ പരസ്യപ്രചരണങ്ങൾ നല്കി വരുന്നു. വിദേശ രാജ്യങ്ങൾ സംഘടിപ്പിക്കുന്ന എല്ലാ പ്രധാന ഫെയറുകളിലും കേരള ടൂറിസം പങ്കെടുത്ത് പ്രചാരണം നടത്തിവരുന്നു.

വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ കേരള ടൂറിസം മുൻപന്തിയിലാണ്. നിരവധി തവണ ഏറ്റവും മികച്ച വെബ്സൈറ്റിനുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും മറ്റു നിരവധി സ്ഥാപനങ്ങളുടെയും പുരസ്കാരം നേടിയ കേരള ടൂറിസം വെബ്സൈറ്റ് നിലവിൽ എട്ടു ഭാഷകളിൽ തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ സഞ്ചാരികൾക്കും ടൂറിസം വ്യവസായരംഗത്തുള്ളവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന തരത്തിൽ കേരള ടൂറിസം വെബ് അധിഷ്ഠിത ഐ.ടി. പദ്ധതികളുടെ ഒരു 'ലോഗിൻ ഡോട്ട്' കേരള ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

എം ഗവേണൻസിന്റെ സാധ്യതകൾ ടൂറിസം പ്രചരണ രംഗത്ത് പ്രയോജനപ്പെടുത്തുന്നതിലും കേരള ടൂറിസം ശ്രമം നടത്തുകയാണ്. മൊബൈൽ വാപ്പ്സൈറ്റ്, എസ്.എം.എസ്. ഇവയിൽ ചിലതു മാത്രമാണ്.

(ഡി) യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് പ്രധാനമായും ആവിഷ്കരിച്ചിട്ടുള്ളത്. സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ആസ്ട്രിയ തുടങ്ങിയ രാജ്യങ്ങളേയും ലക്ഷ്യമാക്കിയിട്ടുണ്ട്.

(ഇ) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസ്റ്റുകൾക്ക് തന്റെ താല്പര്യത്തിനനുസരിച്ച് താമസം എളുപ്പത്തിലും നേരത്തെയും നിശ്ചയിക്കുന്നതിനായി ഓൺലൈൻ ഹോട്ടൽ ഫൈൻഡർ, ഓൺലൈൻ നും

LIBRARY ARCHIVES Kerala Legislative Assembly

റിസർവേഷൻ എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ കൃത്യമായി നൽകുന്നതിന് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെമ്പാടും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ, ആയുർവേദ സെന്ററുകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി, ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇങ്ങനെ അംഗീകാരം ലഭിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റ് വഴി നൽകുന്നതിലൂടെ ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനു കഴിയുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ സഞ്ചാരികളുടെ സുരക്ഷക്കായി നിയോഗിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബീച്ചുകളിലും മറ്റു ജലാശയങ്ങളിലും സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി ലൈഫ് ഗാർഡുകളെ നിയോഗിച്ചുണ്ട്. ടൂറിസം സീസൺ ആരംഭിക്കുന്നതിന് മുൻപായി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടുകയും ഓരോ വിനോദസഞ്ചാരകേന്ദ്രത്തിലും ഏർപ്പെടുത്തേണ്ടുന്ന സൗകര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ

25(*55) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് അറിയിക്കുമോ ;

(ബി) ഈ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേന്ദ്രങ്ങളുടെ ഘടന എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ; ഈ കേന്ദ്രങ്ങളിൽ വനിതാ അഭിഭാഷകരുടെ സേവനം ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) സംസ്ഥാനത്തെ 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കുട്ടികളോടുള്ള മോശമായ പെരുമാറ്റം, ബാലവേല എടുപ്പിക്കൽ, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനം എന്നിവ

LIBRARY ARCHIVES Kerala Legislative Assembly